69 (571) കർണ്ണാടക അധികൃതരുടെ കുടിയിറക്കു ഭീഷണി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ, കണ്ണൂർ ജില്ലയിൽപ്പെട്ട പെരിങ്ങോം-വയക്കര പഞ്ചായത്തിലെ പുളിങ്ങോം വില്ലേജിൽ, കർണ്ണാടക ഫോറസ്റ്റ് അധികൃതരുടെ കുടിയിറക്ക് ഭീഷണി പരിഹരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യം സംബന്ധിച്ച് റവന്യൂ വകുപ്പ് അധികൃതരും ഫോറസ്റ്റ് അധികൃതരും തമ്മിൽ ചർച്ച നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ തലത്തിൽ തീരുമാനമുണ്ടാകുന്നതുവരെ കുടിയൊഴിപ്പിക്കൽ നിർത്തിവയ്ക്കാൻ കണ്ണൂർ ജില്ലാ കളക്ടർ കർണ്ണാടക സംസ്ഥാനത്തിലെ മടിക്കേരി ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മാത്രവുമല്ല ഇക്കാര്യം അനുഭാവപൂർവം പരിഗണിക്കണമെന്ന് കർണ്ണാടക റവന്യൂ വകുപ്പിനോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) കർണ്ണാടക റവന്യൂ വകുപ്പ് അധികൃതരിൽ നിന്നും മറുപടി ലഭിച്ച ശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

70 (572) ഗ്രൂപ്പ് വില്ലേജുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഗ്രൂപ്പ് വില്ലേജുകൾ പ്രവർത്തിക്കുന്നത്;

(ബി) ചേർപ്പിൽ പ്രവർത്തിച്ചുവരുന്ന ആറാട്ടുപുഴ, വല്ലച്ചിറ വില്ലേജ് ഓഫീസുകൾ പ്രസ്തുത പ്രദേശം ഉൾക്കൊള്ളുന്ന വല്ലച്ചിറ പഞ്ചായത്തിലേക്ക് മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വില്ലേജ് ഓഫീസുകൾ അതാതു ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ചാഴൂർ പഞ്ചായത്തിലെ പുള്ള് പ്രദേശം അന്തിക്കാട് വില്ലേജ് പരിധിയിൽനിന്ന് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൂർക്കഞ്ചേരി, പാറളം, പാലിശ്ശേരി, ചേർപ്പ്, അന്തിക്കാട് എന്നീ സ്ഥലങ്ങളിൽ ഗ്രൂപ്പ് വില്ലേജുകൾ പ്രവർത്തിച്ചു വരുന്നു.

(ബി)&(സി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(ഡി) തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly